# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 355

10-06-2014-ൽ മറുപടിക്ക്

### വൈദ്യുതി ചാർജ്ജ് വർദ്ധനവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | | ശ്രീ. ആര്യാടൻ മുഹമ്മദ്. (ഊർജ്ജ വകുപ്പ് മന്ത്രി.) | |
| (എ) | സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധനവ് പരിഗണനയിലുണ്ടോ ; | (എ) | സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനു മുൻപാകെ സമർപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു |
| (ബി) | സംസ്ഥാനത്ത് പവർകട്ടും ലോഡ് ഷെഡിംഗും ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ? | (ബി) | സംസ്ഥാനത്ത് പവർ കട്ട് ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടില്ല. എന്നാൽ നിലവിൽ വൈദ്യുതി ബോർഡിന്റെ ശബരിഗിരി വൈദ്യുതി നിലയത്തിന്റെ ബട്ടർഫ്ലൈ വാൽവിന്റെ അറ്റകുറ്റ പണികൾക്കായി, പ്രസ്തുത വൈദ്യുതി നിലയം ഉല്പാദനം നിർത്തിവെച്ചിരിക്കുകയാണ്. ഇതുകാരണം സംസ്ഥാനത്ത് 400 MW വൈദ്യുതിയുടെ കുറവുണ്ടായിട്ടുണ്ട്. ഇതുകൂടാതെ Talcher, Ramagundam തുടങ്ങിയ കേന്ദ്ര നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി ലഭ്യതയിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. കൂടാതെ 1500 |

MW ഓളം വൈദ്യുതി വ്യാപാരികളിൽ നിന്നും വാങ്ങുവാൻ കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിലും പ്രസരണ ഇടനാഴിയുടെ അപര്യാപ്തതമൂലം 10 ശതമാനത്തോളം വൈദ്യുതിയേ ലഭിക്കുന്നുള്ളൂ. ടി കാരണങ്ങളാൽ മൺസൂൺ മഴ ശക്തി പ്രാപിക്കുന്നതുവരെ സംസ്ഥാനത്ത് അര മണിക്കൂർ മുതൽ മുക്കാൽ മണിക്കൂർ വരെ ലോഡ് ഷെഡിംഗ് നിലവിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**